

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ

ഓഡിറ്റ് റിപ്പോർട്ട് 2025-26

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail: lfadtvm@yahoo.in

കെ.എസ്.എ.റ്റി.വി.എം/മിസ്.1/1119/2026

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം-695001.

ഫോൺ 0471-2331231

e-mail- lfadtvm@yahoo.in

തീയതി :04.07.2026

ജോയിന്റ് ഡയറക്ടർ.

സെക്രട്ടറി,
പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ,
തിരുവനന്തപുരം

സർ,

വിഷയം: പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷന്റെ 2025-26 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷന്റെ 2025-26 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് താങ്കളുടെ അറിവിലേയ്ക്കും അനന്തരനടപടികൾക്കുമായും അയയ്ക്കുന്നു.

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ്

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3) ഓഫീസ് കോപ്പി.

നം.കെ.എസ്.എ.റ്റി.വി.എം.മിസ്.1/1119/2026 തീയതി: 04.07.2026

പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ 2025-2026 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്	ശ്രീ.ഷാജഹാൻ.എം ജോയിന്റ് ഡയറക്ടർ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം	ശ്രീമതി.അനിത.ബി.കെ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. ശ്രീമതി. സുനിത ബാബു. ബി.എസ് അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	22/06/2026
ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം	2025-26 വർഷത്തെ വരവ് ചെലവ് കണക്കുകൾ

നിർവഹണാധികാരികൾ

1.4.2025 മുതൽ 31.03.2026 വരെ

ചെയർമാൻ	ശ്രീ.പന്ന്യൻ രവീന്ദ്രൻ	01.04.2025 മുതൽ 31.03.2026 വരെ
സെക്രട്ടറി	ഡോ. എഴുമറ്റൂർ രാജരാജവർമ്മ	01.04.2025 മുതൽ 31.03.2026 വരെ
എക്സിക്യൂട്ടീവ് ഡയറക്ടർ	ശ്രീ. എസ്. ഗോപിനാഥ്	01.04.2025 മുതൽ 31.03.2026 വരെ
ട്രഷറർ	ശ്രീ. ബി. സനിൽകുമാർ	01.04.2025 മുതൽ 31.03.2026 വരെ

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

സർക്കാരിന്റെ ഗ്രാന്റ് ഇൻ എയ്ഡ് ചട്ടത്തിന്റെയും, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ പ്രകാരവും സ്ഥാപനത്തിന്റെ 2025-26 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. സ്ഥാപനത്തിൽ നിന്നും ലഭ്യമായ രേഖകളുടെയും രജിസ്റ്ററുകളുടെയും വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

ഭാഗം –1

പൊതു അവലോകനം

1-1 പൊതു അവലോകനം

തിരുവിതാംകൂർ-കൊച്ചി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം 17-07-1989ൽ 575/89-ാം നമ്പരായി രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണ് പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ. "കൈരളിയുടെ കഥാകാരനായ" പ്രൊഫ. എൻ. കൃഷ്ണപിള്ളയുടെ സ്മരണ നിലനിർത്തുക, അദ്ദേഹം ഉയർത്തിപ്പിടിച്ച ആശയങ്ങളും മൂല്യങ്ങളും, സാഹിത്യാന്വേഷണങ്ങളും നിലനിർത്തുന്നതിനുതകുന്ന വ്യത്യസ്തമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് തിരുവനന്തപുരം ആസ്ഥാനമായി പ്രൊഫ.എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ രൂപീകൃതമായിട്ടുള്ളത്.പ്രൊഫ. എൻ. കൃഷ്ണപിള്ള സ്മാരക സംസ്കൃതി കേന്ദ്രം, പ്രൊഫ. എൻ. കൃഷ്ണപിള്ള സ്മാരക ഗ്രന്ഥശാല, പഠന ഗവേഷണ കേന്ദ്രം, പ്രൊഫ. എൻ. കൃഷ്ണപിള്ള മ്യൂസിയം, നന്ദനം ബാലവേദി, സാഹിതീ സഖ്യം, എൻ. കൃഷ്ണപിള്ള

നാടകവേദി, കുട്ടികളുടെ ഗ്രന്ഥശാല,മലയാള ഭാഷാപഠനം എന്നിങ്ങനെ വിവിധ ശാഖകളിലായി വിപുലമായ പ്രവർത്തനങ്ങളാണ് ഫൗണ്ടേഷന്റെ കീഴിൽ നടക്കുന്നത്. 2025-26 വർഷത്തിൽ പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷന്റെ 3 ജനറൽ കൗൺസിൽ യോഗങ്ങളും 5 ഗവേണിംഗ് കൗൺസിൽ യോഗങ്ങളും കൂടിയിട്ടുണ്ട്. കൗൺസിൽ യോഗ തീരുമാനങ്ങളിൻമേൽ തുടർ നടപടി സ്വീകരിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

1-2 2025-26വർഷത്തെ പ്രധാന പ്രവർത്തനങ്ങൾ

പ്രൊഫ. എൻ. കൃഷ്ണപിള്ള കലോത്സവം, പ്രൊഫ.എം.കെ സാനു അനുസ്മരണവും ഛായാചിത്രം അനാച്ഛാദനവും, പുസ്തക ശാല നിർമ്മാണം, പുസ്തക പ്രകാശനം, പൂന്താനം,ഇരയിമ്മൻ തമ്പി, സ്വാതി തിരുനാൾ എന്നിവരുടെ ഛായാചിത്രം അനാച്ഛാദനം, സാഹിതീസഖ്യം, നന്ദനം ബാലവേദി , വനിതാവേദി എന്നിവയുടെ വാർഷികം , സോളാർ പ്ലാന്റ് സ്ഥാപിക്കൽ, പ്രൊഫ. എൻ. കൃഷ്ണപിള്ളസ്മാരക ഗ്രന്ഥശാലയുടെ വിവിധ പ്രവർത്തനങ്ങൾ, സൗജന്യ മലയാളം കമ്പ്യൂട്ടിംഗ് കോഴ്സ് , പ്രൊഫ. ആനന്ദക്കുട്ടൻ നായർ അനുസ്മരണം തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. മലയാളം ഡിപ്ലോമ കോഴ്സ്, ലളിതം മലയാളം സർട്ടിഫിക്കറ്റ് കോഴ്സ്, സിവിൽ സർവ്വീസ് ഫൌണ്ടേഷൻ കോഴ്സ്, നെറ്റ്-സെറ്റ് പരിശീലനം മുതലായ കോഴ്സുകളും 2025-26 വർഷം നടത്തിയിട്ടുണ്ട്.

1-3 ബജറ്റ്

2025-26 ലെ വാർഷിക ബജറ്റ് 15/02/2025 ന് ചേർന്ന ഗവേണിംഗ് കൗൺസിൽ യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം 63,15,000/- രൂപ വരവും അത്ര തന്നെ ചെലവും പ്രതീക്ഷിക്കുന്നു.

1-4 വിവിധ കോഴ്സുകളുടെ വിവരം

സ്ഥാപനത്തിൽ നിലവിൽ താഴെ പറയുന്ന കോഴ്സുകൾ നടത്തി വരുന്നു.

കോഴ്സിന്റെ പേര്	ബാച്ച് നമ്പർ	ആകെ പഠിതാക്കളുടെ എണ്ണം	കോഴ്സ് പൂർത്തീകരിച്ച പഠിതാക്കളുടെ എണ്ണം
ലളിതം മലയാളം സർട്ടിഫിക്കറ്റ് കോഴ്സ്	10	1	1
ലളിതം മലയാളം സർട്ടിഫിക്കറ്റ് കോഴ്സ്	11	2	2
ലളിതം മലയാളം ഡിപ്ലോമ കോഴ്സ്	7	2	2
ലളിതം മലയാളം ഡിപ്ലോമ കോഴ്സ്	8	3	3

നെറ്റ്-സെറ്റ് കോഴ്സ് ആരംഭിച്ചുവെങ്കിലും പഠിതാക്കൾ കുറവായതിനാൽ ആയത് പൂർത്തിയാക്കാൻ സാധിച്ചില്ല. സ്ഥാപനം നടത്തുന്ന വിവിധ കോഴ്സുകളെ സംബന്ധിച്ച വിവരം വിപുലമായ രീതിയിൽ പരസ്യപ്പെടുത്തേണ്ടതും കൂടുതൽ വിദ്യാർത്ഥികളെ പ്രസ്തുത കോഴ്സുകളിൽ പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-5 എൻ.കൃഷ്ണപിള്ള ഫൗണ്ടേഷന്റെ ഉടമസ്ഥതയിലുള്ള ആസ്തികളുടെ വിനിയോഗം- കാര്യക്ഷമമല്ല

പ്രൊഫ. എൻ കൃഷ്ണപിള്ള ഫൗണ്ടേഷന്റെ ഉടമസ്ഥതയിലുള്ള ആസ്തികളായ പഠനഗവേഷണ കേന്ദ്രം,ഡിജിറ്റൽ ലൈബ്രറി, ദൃശ്യശ്രവ്യനാടകപഠന കേന്ദ്രം മുതലായവ ഫലപ്രദമായി വിനിയോഗിക്കാൻ സാധിക്കുന്നില്ല. വിവിധ കാലഘട്ടങ്ങളിലായി കംപ്യൂട്ടർ ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെങ്കിലും വർഷത്തിൽ ഒന്നോ രണ്ടോ തവണ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. ആയത് ഫലപ്രദമായി വിനിയോഗിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് ഗവേണിംഗ് കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

ഭാഗം -2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 സർക്കാർ സഹായം

ക്രമ നം	ഗ്രാന്റ് അനുവദിച്ച ഉത്തരവ്	തുക (രൂപയിൽ)	ക്രെഡിറ്റ് ചെയ്ത തീയതി
1	സ.ഉ.(സാധാ) നം 235/2025/CLAD തീയതി 26/04/2025	4,00,000/-	23/08/2025

2	സ.ഉ.(സാധാ) നം 533/2025/CLAD തീയതി 17/09/2025	4,00,000/-	27/09/2025
3	സ.ഉ.(സാധാ) നം 694/2025/ CLAD തീയതി 26/11/2025	4,00,000/-	04/12/2025
4	സ.ഉ.(സാധാ) നം 124/2026/CLAD തീയതി 11/02/2026	3,00,000/-	24/02/2026
5	സ.ഉ.(സാധാ) നം 263/2026/CLAD തീയതി 19/03/2026	2,00,000/-	30/03/2026
	ആകെ	17,00,000/-	

2-2 മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ഗ്രാന്റ് വിവരം	തുക	ക്രഡിറ്റ് തീയതി
1	കേരള സംസ്ഥാന ലൈബ്രറി കൌൺസിൽ	ലൈബ്രേറിയൻ അലവൻസ്	61900	13/05/2025
2	കേരള സംസ്ഥാന ലൈബ്രറി കൌൺസിൽ	ലൈബ്രേറിയൻ അലവൻസ്	12360	03/07/2025
3	കേരള സംസ്ഥാന ലൈബ്രറി കൌൺസിൽ	ഫെസ്റ്റിവൽ അലവൻസ്	2200	25/09/2025
4	കേരള സംസ്ഥാന ലൈബ്രറി കൌൺസിൽ	ലൈബ്രേറിയൻ അലവൻസ്	12360	05/11/2025
5	കേരള സംസ്ഥാന ലൈബ്രറി കൌൺസിൽ	ലൈബ്രേറിയൻ അലവൻസ്	12360	16/12/2025
6	കേരള സംസ്ഥാന ലൈബ്രറി കൌൺസിൽ	പ്രവർത്തന ഗ്രാന്റ്	10000	30/03/2026
		ആകെ	1,11,180/-	

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല

സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, വൗച്ചർ പ്രകാരവും ക്യാഷ്ബുക്ക് പ്രകാരവും വാങ്ങിയതായി രേഖപ്പെടുത്തിയിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള ഉപകരണങ്ങൾ/ഫർണിച്ചറുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ലെന്നു കണ്ടെത്തി. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	ഇനം	വൗച്ചർ നമ്പർ	തീയതി	ചെലവഴിച്ച തുക
1	Pad lock	28/25-26	15.04.2025	660/-
2	Water Dispenser Stand	30/25-26	15.04.2025	1038/-
3	Water Dispenser Pump	31/25-26	15.04.2025	172/-
4	Drilling machine	32/25-26	15.04.2025	2981/-
5	Fibre blinds	104/25-26	05.06.2025	10,000/-
6	Land phone	340/25-26	10.09.25	994/-
7	ACP Board	462/25-26	26.09.25	2800/-
8	Ceiling fan	499/25-26	17.10.25	2350/-
9	Office table &Visitors Chair	666/25-26	05.02.2026	9750/

മേൽ അപാകതയ്ക്ക് മതിയായ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 01/22.06.2026 ന് ലഭ്യമാക്കിയ മറുപടിയിൽ സ്റ്റോക്ക് രജിസ്റ്ററിൽ യഥാസമയം ചേർക്കാൻ വിട്ടു പോയതാണെന്നും നിലവിൽ പ്രസ്തുത ഇനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സാമ്പത്തിക നില

മുന്നിരിപ്പ്	2091714.51
വരവ്	2795131
ആകെ	4886845.51
ചെലവ്	2951315.90
നീക്കിയിരിപ്പ്	1935529.61

നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ

		പാസ്സ് ബുക്ക് പ്രകാരം	കാഷ് ബുക്ക് പ്രകാരം
കയ്യിരിപ്പ് പണം	6858.00		6858.00
ബാങ്ക് (എസ്. ബി. ഐ) A/C No 67003353999		426978.56	426978.56
ബാങ്ക് (എസ്. ബി. ഐ) A/C No 67028734965		1105.05	1105.05
ട്രഷറി (എസ് ബി അക്കൗണ്ട്)799010100057942		588.00	588.00
ഫിക്സഡ് ഡിപ്പോസിറ്റ് 1 -42411271927-SBI		500000.00	500000.00
ഫിക്സഡ് ഡിപ്പോസിറ്റ് 2-42411179557-SBI		500000.00	500000.00
ഫിക്സഡ് ഡിപ്പോസിറ്റ് 3-045031355181-SBI		500000.00	500000.00
ആകെ	6858.00	1928671.61	1935529.61

കുറിപ്പ് – ഫിക്സഡ് ഡെപ്പോസിറ്റ് 1 &2 എന്നിവ 500000/- രൂപ വീതം നിക്ഷേപിച്ചിട്ടുള്ളത് 4/11/2025 ൽ പുതുക്കിയിട്ടുണ്ട്. ആയത് പ്രകാരം പലിശയുൾപ്പെടെ 570618/- രൂപവീതമാണ് (ആകെ 11,41,236/-രൂപ) പുതുക്കിയതിന്റെ മൂല്യം. ഫിക്സഡ് ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റിൽ ആയത് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത് 10,00,000/- രൂപ എന്നാണ് . വ്യത്യാസം 141236/- രൂപ . ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:2/2026 തിയതി: 22/06/2026) മറുപടി ലഭ്യമാക്കിയില്ല. അടുത്ത സാമ്പത്തിക വർഷത്തെ (2026-27) വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുമ്പോൾ അപാകത പരിഹരിക്കേണ്ടതാണ്.

4-2 സ്ഥിര നിക്ഷേപങ്ങളുടെ വിശദാംശം (ഫിക്സഡ് ഡെപ്പോസിറ്റ് രജിസ്റ്റർ/സർട്ടിഫിക്കറ്റ് പ്രകാരമുള്ളത്)

ക്രമ നമ്പർ	സ്ഥിരനിക്ഷേപ അക്കൗണ്ട് നമ്പർ	തുക	പലിശ നിരക്ക്	കാലാവധി	കാലാവധി പൂർത്തിയാകുമ്പോൾ ലഭ്യമാകുന്ന തുക (ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം)
1	42411271927-SBI	570618	6.45%	04.11.2025 മുതൽ 04/11/2027 വരെ	648519/-
2	42411179557-SBI	570618	6.45%	04.11.2025 മുതൽ 04/11/2027 വരെ	648519/-
3	45031355181	500000	6.25%	24/03/2026 മുതൽ 24/03/2027 വരെ	531990/-

കുറിപ്പ് – ക്രമനമ്പർ 1 & 2 എന്നീ ഫിക്സ്ഡ് ഡെപ്പോസിറ്റുകളിൽ നിക്ഷേപ തുക 500000/- എന്നാണ് വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അടുത്ത വർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുമ്പോൾ അപാകത പരിഹരിക്കേണ്ടതാണ്.

4-3 ഓഡിറ്റ് ചാർജ്

(എ)

2025-26 ലെ ആകെ വരവ്		2795131
കുറയ്ക്കുക (-)ഗ്രാന്റ് - കേരള സർക്കാർ (-)ഗ്രാന്റ് - ലൈബ്രറി കൗൺസിൽ		 17,00,000.00 1,11,180
ഓഡിറ്റ് ചാർജ്ജിന് കണക്കാക്കാവുന്ന വരവ്		1125187 (983951+141236)
ഓഡിറ്റ് ചാർജ്ജ് കണക്കാക്കിയ വരവിനങ്ങൾ		1125187
വാടക	6,30,650.00	
ലൈബ്രറി മെമ്പർഷിപ്പ്	63,500.00	
സംഭാവന	1,75,750.00	
പുസ്തക വിറ്റുവരവ്	8,417.00	
പാഴ്വസ്തുക്കൾ വിറ്റത്	1,550.00	
കോഴ്സ് ഫീ ലളിതം മലയാളം	41,000.00	
കോഴ്സ് ഫീ നെറ്റ് സെറ്റ്	24,000.00	
പലവക വരവുകൾ	9,296.00	
റ്റി.ഡി.എസ് റീഫണ്ട്	8,640.00	
പലിശ	21148.00	
സ്ഥിരനിക്ഷേപത്തിന്മേലുള്ള പലിശ	141236	
ആകെ	1125187	
ഓഡിറ്റ് ചാർജ്ജ് @ 1%		11252

2025-26 വർഷത്തെ ഓഡിറ്റ് ചാർജ്ജിനത്തിൽ 11,252/- രൂപ "0070-60-110-99-00 ഓഡിറ്റ് ചാർജ്ജ്" എന്ന ശീർഷകത്തിൽ ഒടുക്കി ചെല്ലാൻ ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം -33 എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതും വിവരം ജില്ലാ ഓഡിറ്റ് കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. വാർഷിക ധനകാര്യപത്രികയിൽ FD പലിശ വരവ് ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത വരവ് ഉൾപ്പെടുത്തിയാണ് ഓഡിറ്റ് ചാർജ് കണക്കാക്കിയിട്ടുള്ളത്.

(ബി)- ഓഡിറ്റ് ചാർജ്ജ് അടച്ചതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം	ഓഡിറ്റ് ചാർജ്ജ്	അടവാക്കിയ തുക	അടവാക്കാൻ ശേഷിക്കുന്ന തുക	ചെല്ലാൻ നം, തീയതി
2024-25	10039	10039	0	KL038140220202526E, തിയതി 15/12/2025

4-4 അനുബന്ധ പത്രികകൾ

1) വരവ് ചെലവ് പത്രിക

2025-26 വർഷത്തെ വരവ്-ചെലവ് പത്രിക അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

2) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2025-26 വർഷത്തെ ഗ്രാന്റ് വിനിയോഗ സർട്ടിഫിക്കറ്റ് അനുബന്ധം 2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ല ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

അനുബന്ധം 1

വരവ് ചെലവ് പത്രിക

പ്രൊഫ. എൻ.കൃഷ്ണപിള്ള ഫൗണ്ടേഷന്റെ 2025 – 26 സാമ്പത്തിക വർഷത്തെ വരവ് ചെലവ് പത്രിക

വരവ്	തുക (രൂപ)	ചെലവ്	തുക (രൂപ)
മുന്നിരിപ്പ്	2091714.5	സ്റ്റേഷനറി	34,816.00
വാടക	6,30,650.00	പോസ്റ്റേജ്	2,958.00
ലൈബ്രറി മെമ്പർഷിപ്പ്	63,500.00	കലോത്സവം	4,63,849.00
സംഭാവന	1,75,750.00	ലോകനാടകദിനാഘോഷം	3,397.00
പുസ്തക വിറ്റുവരവ്	8,417.00	ലളിതം മലയാളം കോഴ്സ്	38,400.00
പാഴ്വസ്തുക്കൾ വിറ്റത്	1,550.00	കോഴ്സ് നെറ്റ് സെറ്റ്	31,000.00
കോഴ്സ് ഫീ ലളിതം മലയാളം	41,000.00	ലൈബ്രറി	3,86,938.00
കോഴ്സ് ഫീ നെറ്റ് സെറ്റ്	24,000.00	ടീ, റിഫ്രഷ്മെന്റ്	46,588.00
പലവക വരവുകൾ	9,296.00	യാത്രാചെലവ്	3,694.00
റ്റി.ഡി.എസ് റീഫണ്ട്	8,640.00	ഇൻവെന്ററീസ്	1,63,913.00
ഗ്രാന്റ്-കേരള സർക്കാർ	17,00,000.00	ഓഡിറ്റ് ഫീസ്	43,079.00
ഗ്രാന്റ്-ലൈബ്രറി കൗൺസിൽ	1,11,180.00	എലിവേറ്റർ	25,248.00
പലിശ	21148.00	വെബ് സൈറ്റ്	7,054.00
		റ്റി ഡി എസ്	5,560.00
		പലവക	32,021.00
		ടെലഫോൺ & ഇന്റർനെറ്റ്	25,495.00
		വൈദ്യുതചാർജ്ജ്	74,339.00
		വെള്ളം	14,272.00
		റിപ്പയർ ആന്റ് മെയിന്റനൻസ്	4,60,646.00
		ഫയർ ഇൻഷുറൻസ്	23,373.00
		ക്ളീനിംഗ് മെറ്റീരിയൽസ്	4,182.00
		സർവ്വീസ് ചാർജ്ജസ്	6,200.00
		ശമ്പളം	6,83,263.00
		ഫ്യുവൽ ചാർജ്	28,056.00
		പ്രിന്റിംഗ്	25,815.00
		സോളാർ പ്ലാന്റ്	3,16,800.00
		ബാങ്ക് ചാർജ്ജസ്	359.90
		നീക്കിയിരിപ്പ്	
		ക്യാഷ് ഇൻ ഹാൻഡ്	6,858.00
		ബാങ്ക്	4,28,083.61
		ട്രഷറി	588.00
		എഫ് ഡി	15,00,000.00
ആകെ	48,86,845.51	ആകെ	48,86,845.51

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ല ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

അനുബന്ധം 2

ഓഡിറ്റ് സർട്ടിഫിക്കറ്റ്

പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിന്റെ 2025-26 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഓഡിറ്റിന് ആവശ്യമായ എല്ലാ വിവരങ്ങളും യഥാസമയം ലഭ്യമാക്കുകയും അതിൽ നിന്നുള്ള നിരീക്ഷണങ്ങൾ റിപ്പോർട്ടിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്. ഈ നിരീക്ഷണങ്ങളുടേയും അതിൻമേൽ ലഭിച്ച വിശദീകരണങ്ങളുടെയും സ്ഥാപനം സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകളുടേയും രേഖകളുടെയും അടിസ്ഥാനത്തിൽ പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷന് 2025-26 സാമ്പത്തിക വർഷം സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ച 17,00,000/-രൂപ (പതിനേഴ് ലക്ഷം രൂപ മാത്രം) യുടെ ധനസഹായം സർക്കാർ നിർദ്ദേശമനുസരിച്ച് വിനിയോഗിച്ചിട്ടുള്ളതായി ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.